(ഡി) നിർദ്ദിഷ്ട മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 6-1-2005-ലെ സർക്കാർ ഉത്തരവ് (സാധാ) 58/2005/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം, തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം, കീച്ചേരി എന്നീ സ്ഥലങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാനുള്ള മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) — (ഡി) മുളങ്കുന്നത്തുകാവിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നകാര്യത്തിൽ സർക്കാർ തീരുമാനമായിട്ടില്ല. ഇക്കാര്യത്തിൽ പോലീസ് ഡയറക്ടർ ജനറലിന്റെ വിശദമായ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

ഉപ്പള പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

150 [111] *ശ്രീ. പെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പള പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു;

(ബി) പ്രയോറിറ്റി ഓവർലുക്ക് ചെയ്ത പോലീസ് സ്റ്റേഷൻ സമാരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 6-1-2005-ലെ സർക്കാർ ഉത്തരവ് (സാധാ) 58/2005/ആഭ്യന്തരം പ്രകാരമാണ് സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാലിസ്റ്റിന് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. പ്രസ്തുത ലിസ്റ്റിൽ 'ഉപ്പള' എന്ന സ്ഥലം ഉൾപ്പെടുത്തിയിട്ടില്ല.

(ബി) മേൽപ്പറഞ്ഞ ഉത്തരവിൽ പ്രയോറിറ്റി ആധാരമാക്കി മാത്രമേ നിർദ്ദേശങ്ങൾ സർക്കാരിനു സമർപ്പിക്കാവൂ എന്ന് പോലീസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly